# തുലാവർഷമഴത്തുള്ളിയും പാഴാക്കാതിരിക്കുക

സി. രാജഗോപാലൻ

തെക്കുപടിഞ്ഞാറൻ കാലവർഷം ചതിച്ചു എന്നു കരുതിയിരിക്കുമ്പോൾ കന്നിമാസപ്പുലർച്ചെ സ്വപ്നം പോലെ ആ 'അകാലവർഷം' നമുക്കു ലഭിച്ചു. പിറകെ തുലാവർഷവും എത്തിക്കഴിഞ്ഞു.



പെയ്തുകൊണ്ടിരിക്കുന്ന തുലാവർഷമഴയുടെ തുള്ളി പോലും പാഴാക്കാതെ സംഭരിക്കാനും മണ്ണിലാഴ്ത്താനുമുള്ള അടിയന്തിരപ്രവൃത്തികളാണ് ഇപ്പോൾ നമ്മൾ ചെയ്യേണ്ടത്. കർഷകനെന്നോ, കച്ചവടക്കാരനെന്നോ, വിദ്യാർത്ഥിയെന്നോ അധ്യാപകനെന്നോ സന്നദ്ധപ്രവർത്തകനെന്നോ രാഷ്ട്രീയക്കാരനെന്നോ ഭേദമില്ലാതെ ഒറ്റക്കും കൂട്ടായും ജാഗ്രതയോടെ ഏറ്റെടുക്കേണ്ടുന്ന ഒരു അനിവാര്യപ്രവൃത്തിയാകണം മഴക്കൊയ്ത്ത് എന്നു വിളിക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ.

സ്വന്തം വീട്ടുമുറ്റത്ത്, വളപ്പിൽ, കൃഷിയിടത്തിൽ, സ്കൂൾ-കോളേജ് കോമ്പൗണ്ടുകളിൽ, ഓഫീസ് ചുറ്റുപാടുകളിൽ, പുറമ്പോക്കുകളിൽ എന്നുവേണ്ട എവിടെയൊക്കെയാണോ നമ്മളോരോരുത്തരും പെരുമാറുന്നത് അവിടെയൊക്കെത്തന്നെയാണ് മഴക്കൊയ്ത്ത് നടത്തേണ്ടത്.

വലിയ യന്ത്രങ്ങളോ, സന്നാഹങ്ങളോ, ആസൂത്രണമോ ഇതിനാവശ്യമില്ല. മണ്ണിനോടൊപ്പം കുത്തിയൊലിച്ചുപോകുന്ന വെള്ളം എത്രത്തോളം എങ്ങിനെയൊക്കെ തടഞ്ഞുനിർത്താം എന്നറിയാൻ പരിസരം കൃത്യമായി നിരീക്ഷിച്ചാൽ മാത്രം മതി.

മഴക്കൊയ്ത്തിനെക്കുറിച്ചു ശാസ്ത്രീയമായി പഠിച്ച സെന്റർ ഫോർ സയൻസ് ആന്റ് എൻവയേൺമെന്റ് പറയുന്ന കണക്കുകളനുസരിച്ച് 100 ചമീ ടെറസ്സിലോ നിലത്തോ ഒരു വർഷം പെയ്യുന്ന 44 ഇഞ്ച് മഴയിൽ ഉണ്ടാവുന്ന 110000 ലിറ്റർ വെള്ളത്തിന്റെ 60 ശതമാനമെങ്കിലും കാര്യക്ഷമമായി കൊയ്തെടുക്കുവാനായാൽ 66000 ലിറ്റർ വെള്ളം സംഭരിക്കാനാവുമെന്നാണ്. ഒരു അഞ്ചംഗകുടുംബത്തിന്റെ വാർഷികജലാവശ്യത്തിന്റെ നാലിരട്ടി വരും ഇത്. കേരളത്തിൽ മിക്കവാറും ചെരിഞ്ഞ ഭൂമികളാണ്. ചെരിവിനു കുറുകെവരമ്പിട്ടും ചാലു കീറിയും മഴക്കുഴി നിർമ്മിച്ചും വളരെ ലഘുവായ രീതിയിൽ മുതൽ മഴക്കൊയ്ത്തിൽ ഗവേഷണങ്ങൾ നടത്തിയ ശാസ്ത്രജ്ഞർ നിർദ്ദേശിക്കുന്ന സാങ്കേതികത്തികവോടെയും പലതരത്തിൽ ചെയ്യാവുന്നതാണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ.

കുന്നിൻചെരിവിലൂടെ, പുരയിടങ്ങളിലൂടെ, വയലുകളിലൂടെ ഒഴുകിപ്പോവുന്ന ഡസൻകണക്കിനു കൈത്തോടുകളും അവ കൂടിച്ചേർന്നുണ്ടാവുന്ന വൻതോടുകളും കേരളത്തിലെ എല്ലാഗ്രാമങ്ങളിലുമുണ്ട്. ഈ ചെറുപ്രവാഹങ്ങളെ ലക്ഷ്യം വെച്ചുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. അമ്പതോ നൂറോ മീറ്റർ ഇടവിട്ട് ഈ തോടുകളിൽ പരമ്പരാഗതരീതിയിൽ ചിറകെട്ടാവുന്നതാണ്. അനിവാര്യമെങ്കിൽ സിമന്റിലും കെട്ടാം. ഭൂപ്രകൃതിയുടെ തരമനുസരിച്ച് ഒഴുകിപ്പോവുന്ന വെള്ളത്തിന്റെ 20 മുതൽ 50 ശതമാനം വരെ ഇത്തരത്തിൽ സംഭരിക്കാനാവും. വേനൽമഴയുടെയും തുലാവർഷത്തിന്റെയും സിംഹഭാഗവുംങ്ങനെ പിടിച്ചുനിർത്തി മണ്ണിലാഴ്ത്താൻ സാധിക്കും.

അയൽക്കൂട്ടങ്ങൾ, പാടശേഖരസമിതികൾ, ചെറുപ്പക്കാരുടെ പ്രാദേശിക കൂട്ടായ്മയിലും ഓഫീസ് ചുറ്റുപാടുകളിൽ ഉദ്യോഗസ്ഥരുടെ മുൻകൈയ്യിലും പൊതുസ്ഥലങ്ങളിലും പുറമ്പോക്കുകളിലും എൻ.എസ്.എസ്, എൻ.സി.സി കാഡറ്റുകൾ, പരിസ്ഥിതി-സാമൂഹിക പ്രവർത്തകർ തുടങ്ങിയവരുടെ നേതൃത്വത്തിലും മഴക്കൊയ്ത്ത് ഒരു സന്നദ്ധ പ്രവർത്തനമായി ഉത്സാഹപൂർവ്വം ചെയ്യാവുന്നതാണ്. ജനകീയരീതിയിൽ ബോധവൽക്കരണവും ധനശേഖരണവും ഒപ്പമാവാം. കേരളത്തിലെ എല്ലാ ഗ്രാമ-നഗരങ്ങളിലും ധാരാളമുള്ള സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ വ്യത്യസ്ത രീതിയിലുള്ള മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾക്ക് സാധ്യതകളേറെയാണ്.

മഴക്കൊയ്ത്തിന്റെ പ്രത്യക്ഷഫലം അടുത്ത വേനലിൽതന്നെ അറിയാനാവും; സമീപത്തുള്ള കിണറ്-കുളങ്ങളിൽ മെച്ചപ്പെട്ട ജലവിതാനത്തിന്റെ രൂപത്തിൽ.